# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത 06.11.2019-ലെ മറുപടി
ചോദ്യം നമ്പർ:2842

## പത്തനാപുരം മണ്ഡലത്തിലെ ചെമ്പനരുവി കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.ബി.ഗണേഷ് കുമാർ | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | പത്തനാപുരം നിയോജക മണ്ഡലത്തിൽ രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന ചെമ്പനരുവിയിൽ കുടിവെള്ള പദ്ധതി നടപ്പിലാക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് . |
| (ബി) | പദ്ധതിയ്ക്ക് ആവശ്യമായ സാധ്യതാ പഠന റിപ്പോർട്ട് നൽകുവാൻ കേരള വാട്ടർ അതോറിറ്റി ഭൂഗർഭ ജല വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ യെന്നും ഉണ്ടെങ്കിൽ എപ്പോഴാണെന്നും വിശദമാക്കുമോ; | (ബി) | പദ്ധതിയ്ക്ക് ആവശ്യമായ സാധ്യതാപഠന റിപ്പോർട്ട് ലഭിയ്ക്കുന്നതിനായി കേരള ജല അതോറിറ്റി, കൊല്ലം പ്രൊജക്റ്റ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ 28.10.2016-ലും 26.09.2018-ലും ഭൂഗർഭ ജല വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട് |
| (സി) | പ്രസ്തുത പദ്ധതിക്കായി ഭൂഗർഭ ജലവകുപ്പിൽ പണം അടച്ചിട്ടുണ്ടോ യെന്നും ഉണ്ടെങ്കിൽ എത്ര തുക, എപ്പോൾ അടച്ചുവെന്നും വ്യക്ത മാക്കുമോ; | (സി) | പ്രസ്തുത പദ്ധതിയ്ക്കായി 25.11.2016-ൽ 1,750 രൂപയും 23.12.2016 -ൽ 6,440 രൂപയും ഒന്നാം സാധ്യത പഠനത്തിനായും രണ്ടാം സാധ്യത പഠനത്തിനായി 04.10.2018-ൽ 1,840 രൂപയും 04.02.2019-ൽ 16,790 രൂപയും കേരള ജല അതോറിറ്റി, കൊല്ലം പ്രൊജക്റ്റ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും ഭൂഗർഭ ജലവകുപ്പിലേയ്ക്ക് ഒടുക്കിയിട്ടുണ്ട്. |
| (ഡി) | ഭൂഗർഭ ജലവകുപ്പ് സാധ്യതാ പഠന റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെങ്കിൽ ഏത് തീയതിയിൽ സമർപ്പിച്ചുവെന്നും വിശദാംശങ്ങളും വ്യക്തമാക്കുമോ; | (ഡി) | ഭൂഗർഭ ജല വകുപ്പ് 31.01.2017-ൽ ഒന്നാം സാധ്യതാപഠന റിപ്പോർട്ട് സമർപ്പിച്ചിരുന്നു. എന്നാൽ ഈ പദ്ധതിയ്ക്ക് ഉദ്ദേശിച്ചിരുന്ന ജലത്തിന്റെ ഉറവിടം അപര്യാപ്തമാണെന്നാണ് റിപ്പോർട്ട് ചെയ്തത്.<br>രണ്ടാം സാധ്യതാ പഠന റിപ്പോർട്ട് ഭൂഗർഭ ജലവകുപ്പിൽ നിന്നും നാളിതു വരെയും കേരള വാട്ടർ അതോറിറ്റിയിൽ ലഭ്യമാക്കിയിട്ടില്ല. |

| ചോദ്യം | | മറുപടി | |
|---|---|---|---|
| (ഇ) | നാളിതുവരെ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ലെങ്കിൽ അതിന്റെ കാരണമെന്താണെന്നും ഇക്കാര്യത്തിൽ പ്രസ്തുത വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്നും വിശദമാക്കുമോ? | (ഇ) | 04.12.2018-ൽ ഭൂഗർഭ ജലവകുപ്പിൽ നിന്നും തുറന്ന കുളത്തിലെ പമ്പിങ് ടെസ്റ്റ് ഏപ്രിൽ/മെയ് മാസത്തിൽ മാത്രമേ സാധിക്കുകയുള്ളൂ എന്നും ആയതിലേക്കായി 16,790 രൂപ ആവശ്യപ്പെട്ടു കൊണ്ട് കത്ത് ലഭിക്കുകയുണ്ടായി. ടി തുക ഭൂഗർഭ ജല വകുപ്പിൽ ഒടുക്കുകയും 07.02.2019-ൽ പമ്പിങ് ടെസ്റ്റ് നടത്തുന്നതിനായി കത്തു നൽകുകയും ചെയ്തു. തുടർന്ന് 26.03.2019-ൽ വീണ്ടും ഒരു കത്ത് പരിശോധനയ്ക്കായി നൽകിയിരുന്നു. ടി കത്തിന് മറുപടിയായി 14.06.2019-ൽ കുളത്തിന്റെ മധ്യ ഭാഗത്തായി ഒരു പ്ലാറ്റ്ഫോമും ചുറ്റുമുള്ള കാടും വൃത്തിയാക്കി നൽകിയാൽ മാത്രമേ പമ്പിങ് ടെസ്റ്റ് നടത്താൻ സാധിക്കുകയുള്ളൂ എന്ന് അറിയിച്ചു. 15.06.2019-ൽ മേൽ പ്രവർത്തികളുടെ തുക കൂടി എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയത്തിൽ നിന്നും ഒടുക്കാമെന്നും മഴയ്ക്ക് മുൻപായി പമ്പിങ് ടെസ്റ്റ് നടത്തി റിപ്പോർട്ട് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് ഭൂഗർഭ ജലവകുപ്പിനു കത്ത് നൽകിയിരുന്നു. ഇതിന് മറുപടിയായി 22.06.2019-ൽ, തുറന്ന കുളങ്ങളിൽ പമ്പിങ് ടെസ്റ്റ് മാത്രമേ നടത്തുകയുള്ളൂ എന്നും അനുബന്ധ പ്രവർത്തികൾ നടത്തുന്നതല്ല എന്നും ഭൂഗർഭജല വകുപ്പ് അറിയിച്ചു. കേരളത്തിൽ മൺസൂൺ ആരംഭിച്ചതിനാൽ തുറന്ന കുളത്തിലെ പമ്പിങ് ടെസ്റ്റ് ഏപ്രിൽ/മേയ് മാസത്തിൽ മാത്രമേ സാധ്യമാകു എന്ന് ഭൂഗർഭ ജല വകുപ്പ് അറിയിച്ചതിനാൽ കേരള ജല അതോറിറ്റി മറ്റു നടപടികൾ സ്വീകരിച്ചിട്ടില്ല. വരുന്ന ഏപ്രിൽ/മേയ് മാസത്തിനു മുമ്പായി കാട് വെട്ടി, പ്ലാറ്റ്ഫോം നിർമ്മിച്ചു നല്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**